**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3276** **11-03-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ എൽ.പി.എസ്.ടി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ 2024-25 വർഷത്തെ എൽ.പി.എസ്.ടി. തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കുമോ; | (എ) | വയനാട് ജില്ലയിലെ 2024-25 വർഷത്തെ എൽ.പി.എസ്.ടി. തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഡിവിഷൻ ഫോൾ കൃത്യമായ കണക്കെടുത്ത് പുനർവിന്യാസം നടത്തിയിട്ടുണ്ടോ; പുനർവിന്യാസ പ്രകാരം വന്ന പ്രസ്തുത കാലയളവിലെ ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഡിവിഷൻ ഫോൾ കൃത്യമായി കണക്കെടുത്ത് പുനർവിന്യാസം നടത്തിയിട്ടുണ്ട്. പുനർവിന്യാസ പ്രകാരം വന്ന പ്രസ്തുത കാലയളവിലെ ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നടപടികൾ പ്രകാരം അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | 2024-25 അധ്യയന വർഷത്തെ അധിക തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടില്ല. അധിക തസ്തികകൾക്കുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്. ടി വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | വയനാട് ജില്ലയിൽ പുതിയതായി വിദ്യാർത്ഥികൾ കൂടിയ വിദ്യാലയങ്ങളിൽ അധ്യാപകരെ നിയമിച്ചത് നിലവിലുള്ള എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിൽ നിന്നാണോ; അല്ലെങ്കിൽ നിലവിലുള്ള മുഴുവൻ എൽ.പി. സ്കൂൾ അധ്യാപക ഒഴിവുകളിലേക്കും 2025 മേയ് 30-ന് കാലാവധി അവസാനിക്കുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ഡി) | പുതിയതായി വിദ്യാർത്ഥികൾ കൂടിയ വിദ്യാലയങ്ങളിൽ നിലവിലുള്ള എൽ.പി.എസ്.ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടില്ല. അധിക തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഇ) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ പ്രകാരം 150-ൽ അധികം കുട്ടികളുള്ള സ്കൂളുകളിലെ പ്രധാനാധ്യാപകനെ അധ്യാപന ചുമതലകളിൽ നിന്നും ഒഴിവാക്കാനും അധിക തസ്തിക അനുവദിക്കാനും വ്യവസ്ഥയുണ്ടോ; എങ്കിൽ അപ്രകാരം വയനാട് ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എത്ര എൽ.പി. സ്കൂൾ അധ്യാപക അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | (ഇ) | KER അധ്യായം XXI ചട്ടം 7(1) പ്രകാരം 150-ൽ അധികം കുട്ടികളുള്ള സ്കൂളുകളിലെ പ്രധാനാധ്യാപകരെ അധ്യാപന ചുമതലയിൽ നിന്നും ഒഴിവാക്കി HTV തസ്തിക അനുവദിക്കുന്നതിനും ടി തസ്തികയിൽ സംരക്ഷിത അധ്യാപകരെ കൊണ്ട് നികത്തുവാനും വ്യവസ്ഥയുണ്ട്. KER അധ്യായം XXI ചട്ടം 7(3) പ്രകാരം സംരക്ഷിത അധ്യാപകരുടെ അഭാവത്തിൽ ഡയറക്ടറുടെ അനുമതിയോടെ, ടി തസ്തികകളിൽ ദിവസ വേതനാ- ടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | അധ്യാപകരെ നിയമിക്കുവാൻ വ്യവസ്ഥയുണ്ട്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ടി അധികാരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയിട്ടുണ്ട്. അപ്രകാരം വയനാട് ജില്ലയിൽ 13 HTV ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ടി ഒഴിവുകളിൽ സംരക്ഷണ അധ്യാപകരുടെ അഭാവത്തിൽ ദിവസ വേതനാ- ടിസ്ഥാനത്തിൽ അധ്യാപകർ ജോലി ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ